# പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം - 3160

28.01.2014 ൽ മറുപടി നല്കേണ്ടിയിരുന്നത്

## റോഡുകളിൽ ഹമ്പ് നിർമ്മിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) | റോഡുകളിൽ ഹമ്പ് നിർമ്മിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡം ഉണ്ടോയെന്ന് വ്യക്തമാക്കുമോ ; | (എ) | നിലവിലെ കോടതി ഉത്തരവുപ്രകാരം ദേശീയപാതകളിൽ ഹമ്പ് അനുവദനീയമല്ല. റോഡുകളിൽ ഹമ്പ് നിർമ്മിക്കുന്നത് കേന്ദ്ര ട്രാൻസ്പോർട്ട് മന്ത്രാലയത്തിന്റെ നിർദ്ദേശം അനുസരിച്ച് പാടുള്ളതല്ല. എന്നിരുന്നാലും കേരളത്തിലെ ജനസാന്ദ്രതയും പ്രത്യേക സാഹചര്യങ്ങളും കണക്കിലെടുത്ത് പണ്ടു മുതലേ തന്നെ ഹമ്പ് സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ അവ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. |
| (ബി) | ദേശീയപാതകളിലും സംസ്ഥാന പാതകളിലും ഹമ്പുകൾ നിർമ്മിക്കുമ്പോൾ എന്തെങ്കിലും അടയാളങ്ങൾ വയ്ക്കേണ്ടതുണ്ടോയെന്നും ഹമ്പുകളുള്ള എല്ലാ സ്ഥലത്തും പ്രസ്തുത അടയാളങ്ങൾ ഉണ്ടോയെന്നും വ്യക്തമാക്കുമോ ; | (ബി) | കേന്ദ്ര ട്രാൻസ്പോർട്ട് മന്ത്രാലയത്തിന്റെ സർക്കുലർ നം.RW/NH-11064/2000-US(D1) തീയതി 24/08/2000 പ്രകാരം സ്പീഡ് നിയന്ത്രണം ആവശ്യമുള്ള സ്ഥലങ്ങളിൽ മതിയായ റോഡ് മാർക്കിംങ്ങുകളും സൈൻ ബോർഡുകളും റോഡ് ട്രാൻസ്പോർട്ട് മന്ത്രാലയത്തിന്റെ നിലവിലുള്ള സ്റ്റാന്റേർഡ് അനുസരിച്ച് ചെയ്യുന്നുണ്ട്. |
| (സി) | കഴിഞ്ഞ രണ്ടുവർഷത്തിനിടെ ഹമ്പുകൾമൂലം എത്ര അപകടങ്ങൾ നടന്നു എന്നും എത്രപേർ മരണപ്പെട്ടു എന്നും ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ; | (സി) | കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ ഹമ്പുകളിൽപ്പെട്ട് 8 അപകടങ്ങൾ ഉണ്ടാകുകയും അതിൽ ഏഴുപേർ മരണപ്പെടുകയും ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

| | | |
|---|---|---|
| (ഡി) | റോഡുകളിലെ അശാസ്ത്രീയമായ ഹമ്പുകൾ മാറ്റി പകരം സംവിധാനം ഉണ്ടാക്കണമെന്ന് ഹൈക്കോടതി വിധിയുണ്ടായിരുന്നോ ; ഉണ്ടെങ്കിൽ എപ്പോഴാണ് വിധിയുണ്ടായതെന്നും പ്രസ്തുത വിധി നടപ്പാക്കാൻ എന്തൊക്കെ കാര്യങ്ങൾ ചെയ്തു എന്നും വ്യക്തമാക്കുമോ ; | (ഡി) ദേശീയപാതയിൽ ഹമ്പുകളൊന്നുമില്ല. എന്നാൽ റോഡുകളിൽ അശാസ്ത്രീയമായി സ്ഥാപിയ്ക്കപ്പെട്ടിട്ടുള്ള സ്പീഡ് ബ്രേക്കർ ബോർഡുകൾ നീക്കം ചെയ്യണമെന്ന് 2011 ഒക്ടോബർ മാസത്തിൽ കേരളാ ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. എന്നാൽ പൊതുമരാമത്ത് വകുപ്പ് ഇത്തരത്തിൽ സ്പീഡ് ബ്രേക്കർ സ്ഥാപിച്ചിട്ടില്ല. |
| (ഇ) | രാമനാട്ടുകര ബൈപ്പാസിൽ അത്തോളി മുതൽ തൊണ്ടയാട് ജംഗ്ഷൻവരെ എത്ര ഹമ്പുകളുണ്ടെന്നും ഓരോ സ്ഥലത്തും എത്ര എണ്ണം വീതമാണെന്നും വ്യക്തമാക്കുമോ ; | (ഇ) രാമനാട്ടുകര ബൈപ്പാസിൽ ഹമ്പുകൾ ഒന്നും തന്നെയില്ല. പകരം ഈ ഭാഗങ്ങളിൽ 4 റമ്പിൾ സ്ട്രിപ്പുകളാണ് ഉള്ളത്. |
| (എഫ്) | ഈ റോഡിലൂടെ മെഡിക്കൽ കോളേജിലേയ്ക്കുള്ള യാത്രയുടെ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ? | (എഫ്) ബാധകമല്ല. |

സെക്ഷൻ ഓഫീസർ

19

അനുബന്ധം

| ജില്ല | 2012 | | 2013 | |
|---|---|---|---|---|
| | ഹമ്പുകൾ മൂലം നടന്ന ആകെ അപകടങ്ങൾ | മരണപ്പെട്ടവർ | ഹമ്പുകൾ മൂലം നടന്ന ആകെ അപകടങ്ങൾ | മരണപ്പെട്ടവർ |
| തിരുവനന്തപുരം സിറ്റി | 0 | 0 | 0 | 0 |
| തിരുവനന്തപുരം റൂറൽ | 0 | 0 | 0 | 0 |
| കൊല്ലം സിറ്റി | 0 | 0 | 0 | 0 |
| കൊല്ലം റൂറൽ | 0 | 0 | 0 | 0 |
| പത്തനം തിട്ട | 0 | 0 | 0 | 0 |
| ആലപ്പുഴ | 0 | 0 | 0 | 0 |
| കോട്ടയം | 1 | 0 | 0 | 0 |
| ഇടുക്കി | 0 | 0 | 0 | 0 |
| എറണാകുളം സിറ്റി | 0 | 0 | 0 | 0 |
| എറണാകുളം റൂറൽ | 0 | 0 | 0 | 0 |
| തൃശ്ശൂർ സിറ്റി | 0 | 0 | 0 | 0 |
| തൃശ്ശൂർ റൂറൽ | 0 | 0 | 1 | 1 |
| പാലക്കാട് | 1 | 1 | 2 | 2 |
| മലപ്പുറം | 0 | 0 | 0 | 0 |
| കോഴിക്കോട് സിറ്റി | 2 | 2 | 0 | 0 |
| കോഴിക്കോട് റൂറൽ | 0 | 0 | 1 | 1 |
| വയനാട് | 0 | 0 | 0 | 0 |
| കണ്ണൂർ | 0 | 0 | 0 | 0 |
| കാസർഗോഡ് | 0 | 0 | 0 | 0 |
| ആകെ | 4 | 3 | 4 | 4 |

Section Officer